**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/05/2019

Reg. No. KL/IDK/08/19-21
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.



**മെയ് 1 : തൊഴിലാളി മദ്ധ്യസ്ഥന്റെ തിരുനാൾ**

Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 16
മെയ് 2019
ലക്കം 5



**മെയ്: പരി. ദൈവമാതാവിന്റെ വണക്കമാസം**

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 16
Issue No.: 5
Month : May 2019





*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. George Thakadiyel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ലോകദൈവവിളി ദിന സന്ദേശം | 05 |
| രൂപതക്കച്ചേരി | 12 |
| ക്രിസ്തുജ്യോതി | 16 |
| വിദ്യാഭ്യാസം | 21 |
| സാമൂഹ്യസേവനം | 22 |
| തിരുബാലസഖ്യം | 24 |
| ജീസസ് യൂത്ത് | 24 |
| ചെറുപുഷ്പ മിഷൻലീഗ് | 26 |
| കെ.സി.വൈ.എം. | 28 |
| മാതൃവേദി | 29 |
| ആത്മജ്യോതിയിലെ പരിപാടികൾ | 32 |
| അറിയിപ്പുകൾ | 32 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 34 |
| BISHOP'S ENGAGEMENTS | 37 |


***"Look at the open arms of Christ crucified, and let Him save you. Contemplate His blood shed out of love and let yourself be purified by it. In this way, you can be reborn."***

*Pope Francis, Tweet, 19-04-2019*

## ഓർമ്മിക്കാൻ

### മെയ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് |
| 02 | : | വി. അത്തനേഷ്യസ് |
| 02-03 | : | ടീച്ചേഴ്സ് ഗിൽഡ് സെമിനാർ, ആത്മജ്യോതി, അടിമാലി |
| 03 | : | വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 06 | : | വി. ഡോമിനിക്ക് സാവിയോ |
| 10-12 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 11-12 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| 14 | : | വി. മത്തിയാസ് ശ്ലീഹാ |
| | : | വൈദികരുടെ സ്റ്റഡി ഫോറം, ആത്മജ്യോതി, അടിമാലി |
| 15 | : | വൈദികരുടെ സ്റ്റഡി ഫോറം, ഇരട്ടയാർപ |
| 16 | : | ഏയ്ഞ്ചൽസ് മീറ്റ്, വാഴത്തോപ്പ് |
| 18 | : | മാർ അദ്ദായി (19 ഞായർ) |
| 24 | : | ക്രിസ്തുജ്യോതി, വാർഷിക കൺവെൻഷൻ |
| 24-26 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 26 | : | വിശ്വാസപരിശീലന വർഷാരംഭം 2019-20 |
| 28 | : | അധ്യാപക സെമിനാർ 2019-20, ഇരട്ടയാർ |
| 29 | : | അധ്യാപക സെമിനാർ 2019-20, പാറത്തോട് |
| 30 | : | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 31 | : | പരിശുദ്ധ മറിയത്തിന്റെ സന്ദർശനം |
| | : | സുപ്പീരിയേഴ്സ് കോൺഫറൻസ്, ആത്മജ്യോതി, അടിമാലി |

C. 10.

# 2019 ലോകദൈവവിളി ദിന സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

### *ദൈവിക വാഗ്ദാനത്തെ സംബന്ധിച്ച് അപകട സാധ്യത ഏറ്റെടുക്കാനുള്ള ധീരത*

പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഒക്ടോബറിൽ യുവജനങ്ങൾക്കുവേണ്ടി നടത്തിയ സിനഡിന്റെ സജീവവും ഫലദായകവുമായ അനുഭവത്തിനുശേഷം പനാമാ നഗരത്തിൽ വച്ച് അടുത്തകാലത്ത്, മുപ്പത്തിനാലാം ലോക യുവജനദിനം നമ്മൾ ആഘോഷിച്ചു. ഈ രണ്ട് മഹാസംഭവങ്ങളും പരിശുദ്ധാത്മാവിന്റെ ശബ്ദത്തെയും യുവതീയുവാക്കളുടെ ജീവിതത്തെയും അവരുടെ ചോദ്യങ്ങളെയും താത്പര്യങ്ങളെയും പ്രശ്നങ്ങളെയും പ്രതീക്ഷകളെയും ശ്രദ്ധിക്കാൻ സഭയെ അനുവദിച്ചു.

പനാമയിൽ യുവജനങ്ങളുമായി പങ്കുവച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ ഈ ലോക ദിനത്തിൽ, കർത്താവിന്റെ വിളി നമ്മെ എങ്ങനെ വാഗ്ദാനത്തിന്റെ സംവാഹകരാക്കുന്നുവെന്നു ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതേ സമയം അവിടുത്തോടു കൂടെയും അവിടുത്തേക്കുവേണ്ടിയും അപകടസാധ്യത ഏറ്റെടുക്കാനുള്ള ധീരതയെപ്പറ്റി ചിന്തിക്കാനും ആഗ്രഹിക്കുന്നു. നിങ്ങളോടൊപ്പം രണ്ടു വശങ്ങളെപ്പറ്റി - വാഗ്ദാനം അപകടസാധ്യത എന്നിവയെപ്പറ്റി - ചുരുക്കത്തിൽ ചിന്തിച്ചുകൊണ്ട് അങ്ങനെ ചെയ്യാം. കാരണം അവ രണ്ടും ആദ്യശിഷ്യരെ ഗലീലിക്കടൽത്തീരത്തുവച്ചു വിളിച്ചതിനെക്കുറിച്ചുള്ള സുവിശേഷവിവരണത്തിൽ കാണാം (മർക്കോ 1:16-20).

രണ്ടു ഇരട്ട സഹോദരന്മാരെ - ശിമയോനും അന്ത്രയോസും, യാക്കോബും യോഹന്നാനും - തങ്ങളുടെ അനുദിന തൊഴിലായ മീൻപിടുത്തത്തിനു പോകുന്നു. ത്യാഗം ആവശ്യപ്പെടുന്ന ഈ ജോലി



യിൽ അവർ പ്രകൃതി നിയമങ്ങൾ പഠിച്ചു. എന്നാലും കാറ്റ് അനുകൂലമല്ലാത്തപ്പോഴും തിരമാലകൾ വള്ളങ്ങളെ കുലുക്കിയപ്പോഴും പ്രകൃതിശക്തികളെ വെല്ലുവിളിക്കേണ്ടി വന്നു. ചില ദിവസങ്ങളിൽ മീൻപിടുത്തം അവരുടെ പരിശ്രമങ്ങൾക്ക് ധാരാളം പ്രതിഫലം നല്കി. എന്നാൽ മറ്റു ദിവസങ്ങളിൽ രാത്രി മുഴുവനുമുള്ള അധ്വാനവും അവരുടെ വലകൾ നിറച്ചില്ല. ക്ഷീണിച്ചും നിരാശരായും കടൽത്തീരത്തേക്കു തിരിച്ചുപോകേണ്ടിവന്നു.

ജീവിതത്തിലെ മിക്കതും ഇതുപോലെയാണ്. നമ്മിൽ ഓരോരുത്തരും അത്യഗാധമായ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്നു. സമ്പന്നരാക്കുമെന്നു കരുതുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ശരിയായ വഴിയിൽ മുന്നേറാനുള്ള പ്രത്യാശയുടെ “കടൽ” സഞ്ചാരം നടത്തുന്നു. സന്തോഷത്തിനായുള്ള നമ്മുടെ ദാഹത്തെ തൃപ്തിപ്പെടുത്താനുള്ള വഴി തന്നെ. ചിലപ്പോൾ നാം ധാരാളം മീൻപിടിച്ചു സന്തോഷിക്കുന്നു. ചിലപ്പോൾ വള്ളത്തെ തിരമാല കുലുക്കാതിരിക്കാൻ ധീരതയുണ്ടായിരിക്കണം. അല്ലെങ്കിൽ വലയിൽ ഒന്നുമില്ലാതെ ഉയരുന്നതു കണ്ടു നിരാശപ്പെടേണ്ടി വരും.

ഓരോ വിളിയെ സംബന്ധിച്ചും ഒരു കണ്ടുമുട്ടലിനെപ്പറ്റി സുവിശേഷം പറയുന്നു. യേശു അടുത്തുകൂടെ കടന്നുപോകുന്നു, മീൻപിടിത്തക്കാരെ കാണുന്നു, അവരുടെയടുക്കലേക്കു നടന്നുചെല്ലുന്നു. നാം വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തിയെ കണ്ടുമുട്ടുമ്പോഴും അല്ലെങ്കിൽ സമർപ്പിത ജീവിതത്തിന്റെ ആകർഷണം തോന്നിയപ്പോഴും ഇതുതന്നെ സംഭവിച്ചു: നമ്മൾ കണ്ടുമുട്ടലിൽ വിസ്മയിച്ചു. നമ്മുടെ ജീവിതത്തെ പൂർണതയിലെത്തിക്കാൻ കഴിയുന്ന സന്തോഷത്തിന്റെ വാഗ്ദാനത്തെ ആ നിമിഷത്തിൽ കണ്ടു. ആ ദിവസം ഗലീലിക്കടലിന്റെ തീരത്ത് യേശു ആ മീൻപിടുത്തക്കാരെ സമീപിച്ചു. “അന്നു കർമങ്ങളുടെ മരവിപ്പിക്കൽ” തകർത്തുകൊണ്ട് അങ്ങനെ ചെയ്തു (22-ാം സമർപ്പിത ജീവിത ദിനാഘോഷ പ്രഭാഷണം, 2 ഫെ. 2018). അവിടുന്ന് പെട്ടെന്ന് അവരോട് വാഗ്ദാനം ചെയ്തു: ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും” (മർക്കോ. 1:17).

കർത്താവിന്റെ വിളി നമ്മുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ദൈവത്തിന്റെ ആക്രമിച്ചുകടക്കലല്ല. അത് ചുമക്കേണ്ടി വരുന്ന "പെട്ടി"യോ ഭാരമോ അല്ല. നേരെ മറിച്ച് സ്നേഹപൂർണമായ തുടക്കമാണ്. അതുവഴി ദൈവം നമ്മെ കണ്ടുമുട്ടുകയും വലിയൊരു സംരംഭത്തിൽ പങ്കുകാരാകാൻ ക്ഷണിക്കുകയും ചെയ്യുന്നു. അവിടുന്ന് നമ്മുടെ കൺമുമ്പിൽ കൂടുതൽ വലിയ കടലിന്റെ ചക്രവാളവും സമൃദ്ധമായ മീൻപിടിത്തവും തുറന്നുകാണിക്കുന്നു.

നമ്മുടെ ജീവിതം നിസ്സാരവും പ്രവചനീയവും അനുദിന ജോലികൊണ്ട് ബന്ധിതവും അതിന് അർത്ഥം നല്കുന്ന തീരുമാനങ്ങൾക്കു മുമ്പ് ഉത്തരം പറയാത്തതും ആയിരിക്കരുതെന്ന് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നു. പടപൊരുതാൻ യോഗ്യതയുള്ള ഒന്നുമില്ലെന്നു കരുതി നവീനവും ഉദ്വേഗജനകവുമായ വഴികളിലൂടെ പുറപ്പെടാനുള്ള ആഗ്രഹം സാവധാനം നഷ്ടപ്പെട്ട് അനുദിനജവിതം നാം നയിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല. ചിലപ്പോൾ വിസ്മയനീയമായ മീൻപിടുത്തത്തിന്റെ അനുഭവം നമുക്കു നല്കുന്നു. കാരണം, മഹത്തായ ഒരു കാര്യത്തിലേക്കു നമ്മെ - വിവിധ വഴികളിലൂടെ - വിളിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കാൻ അവിടുന്നു ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം ഹൃദയത്തെ മന്ദീഭവിപ്പിക്കുന്ന തളർച്ചയാകുന്ന വലകളിൽ കുടുങ്ങിക്കിടന്നു വളരാൻ ഇടവരാതിരിക്കാൻ തന്നെ. ഓരോ വിളിയും വല കൈയിൽ പിടിച്ച് കായൽത്തീരത്തു നില്ക്കാതിരിക്കാനുള്ള ആഹ്വാനമാണ്. യേശു നമുക്കുവേണ്ടി അടയാളപ്പെടുത്തിയ - നമ്മുടെ സന്തോഷത്തിനും നമുക്കു ചുറ്റുമുള്ളവരുടെ നന്മയ്ക്കുംവേണ്ടി - വഴികളിലൂടെ യേശുവിനെ പിന്തുടരാനുള്ള വിളിയാണ്.

ഈ വാഗ്ദാനം സ്വീകരിക്കുകയെന്നത് സ്വാഭാവികമായി ഒരു തീരുമാനമെടുത്തുകൊണ്ട് അപകടസാധ്യത നേടാനുള്ള ധീരതയെ ആവശ്യപ്പെടുന്നു. വലിയ കാര്യത്തിൽ പങ്കുകാരാകാൻവേണ്ടി യേശു വിളിച്ച ആദ്യത്തെ ശിഷ്യന്മാർ "പെട്ടെന്ന് വല ഉപേക്ഷിച്ച് അവിടുത്തെ പിന്തുടർന്നു" (മർക്കോ. 1:18). കർത്താവിന്റെ വിളിയോടു പ്രത്യുത്തരിക്കാൻ വലിയ വെല്ലുവിളി നേരിടാൻ തയ്യാറാവുകയും നേരി





ടുകയും വേണം. നമ്മുടെ ചെറിയ ബോട്ടുമായി ബന്ധിപ്പിക്കുന്നതും സുനിശ്ചിതമായ തീരുമാനമെടുക്കുന്നതിൽ നിന്നു തടയുന്നതുമായ എല്ലാം ഉപേക്ഷിക്കണമെന്നാണ് ഇതിന്റെ അർത്ഥം. നമ്മുടെ ജീവിതത്തെപ്പറ്റി ദൈവത്തിനുള്ള പദ്ധതി അന്വേഷിക്കുന്നതിൽ ധീരതയും ദൃഢനിശ്ചയവും ഉള്ളവരാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിളിയുടെ വിസ്തൃതമായ "സമുദ്രം" കണ്ടുകൊണ്ട് നമുക്കു സുരക്ഷിതത്വം തരുന്ന വഞ്ചിയിൽ വലകൾ നന്നാക്കിക്കൊണ്ട് തൃപ്തരായി കഴിയാൻ നമുക്കു സാധ്യമല്ല. പിന്നെയോ കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ച് ആശ്രയിക്കണം.

ഒന്നാമതായി ക്രൈസ്തവജീവിതത്തിലേക്കുള്ള ദൈവവിളിയെപ്പറ്റി ഞാൻ ചിന്തിക്കുന്നു. ആ ദൈവവിളി മാമ്മോദീസയിൽ നമ്മൾ എല്ലാവരും സ്വീകരിച്ചു. നമ്മുടെ ജീവിതം ഒരു ഉടക്കുമുനയല്ല പിന്നെയോ ഒരു ദാനമാണ് എന്നു അതു നമ്മെ പഠിപ്പിക്കുന്നു: സഭയാകുന്ന വലിയ കുടുംബത്തിൽ ശേഖരിക്കപ്പെട്ട ദൈവത്തിന്റെ പ്രിയപുത്രന്മാർക്കുള്ള ദാനം. സഭാത്മക സമൂഹത്തിൽ മാത്രമാണ് ക്രൈസ്തവജീവിതം ജനിക്കുകയും വികസിക്കുകയും ചെയ്യുന്നത് - പ്രത്യേകിച്ച്, ലിറ്റർജിയിലൂടെ. ലിറ്റർജി നമ്മെ ദൈവവചനത്തിലേക്കും കൂദാശകളുടെ കൃപാവരത്തിലേക്കും പ്രവേശിപ്പിക്കുന്നു. ബാല്യകാലം മുതൽ പ്രാർത്ഥനയുടെ കാലവും സഹോദരപരമായ പങ്കുവയ്ക്കലും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അവസാനം സഭ നമ്മുടെ മാതാവാണ്. കാരണം അവൾ നമ്മെ പുതിയജീവിതത്തിലേക്കു കൊണ്ടുവരുകയും ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യും. അതുകൊണ്ട് നാം സഭയെ സ്നേഹിക്കണം. മാനുഷിക ദുർബലതയും പാപവും കൊണ്ട് അവളുടെ മുഖം വികലമാക്കപ്പെട്ടു കാണുമ്പോഴും അങ്ങനെ ചെയ്യണം. നാം സഭയെ എന്നെന്നും കൂടുതൽ സൗന്ദര്യവും പ്രകാശവും ഉള്ളവളാക്കാനുള്ള പരിശ്രമത്തിൽ സഹായിക്കണം. അങ്ങനെ ലോകത്തിന്റെ ദൈവസ്നേഹത്തിനുവേണ്ടി സാക്ഷ്യം വഹിക്കാൻ സഭയ്ക്കു കഴിയും.

അങ്ങനെ ക്രൈസ്തവജീവിതം ആ തീരുമാനങ്ങളിൽ പ്രകാശനം കാണുന്നു. നമ്മുടെ വ്യക്തിപരമായ യാത്രയ്ക്ക് കൃത്യമായ

മാർഗനിർദേശം നല്കികൊണ്ട് നമ്മുടെ ലോകത്തിൽ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ വിവാഹം നടത്തുകയും കുടുംബത്തെ രൂപീകരിക്കുകയും ചെയ്യാനുള്ള തീരുമാനത്തെപ്പറ്റി ഞാൻ ചിന്തിക്കുന്നു. മറ്റുള്ള എല്ലാ ദൈവവിളിക്കുമെന്നപോലെ അത് ജോലിയോടും പ്രൊഫഷണൽ ജീവിതത്തോടും കൂടിയതാണ്. പരസ്നേഹത്തോടും ഐക്യദാർഢ്യത്തോടും സാമൂഹികവും രാഷ്ട്രീയവുമായ ഉത്തരവാദിത്വങ്ങളോടും മറ്റു പലതിനോടും കൂടിയതാണത്. ഈ ദൈവവിളികൾ നമ്മെ നന്മ, സ്നേഹം, നീതി എന്നിവയുടെ ഒരു വാഗ്ദാനത്തിന്റെ വാഹകരാക്കുന്നു. നമുക്കുവേണ്ടി മാത്രമല്ല നമ്മുടെ സമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കും വേണ്ടി കൂടിയാണത്. അവയ്ക്ക് ധീരതയുള്ള ക്രൈസ്തവരെയും ദൈവരാജ്യത്തിന്റെ യഥാർത്ഥസാക്ഷികളെയും ആവശ്യമാണ്.

കർത്താവിനെ കണ്ടുമുട്ടുമ്പോൾ സമർപ്പിതജീവിതത്തിലേക്കോ പൗരോഹിത്യത്തിലേക്കോ ഉള്ള ദൈവവിളിയുടെ ആകർഷകത്വം അനുഭവപ്പെട്ടേക്കാം. നമ്മെ ഉത്തേജിപ്പിക്കാൻ കഴിവുള്ള ഒരു കണ്ടെത്തലാണത്. അതേസമയം അത് നമ്മെ ഭയപ്പെടുത്തുകയും ചെയ്യുന്നു. സഭയിൽ മനുഷ്യരെപ്പിടിക്കുന്നവരാകാൻ വിളിക്കപ്പെട്ടിരിക്കുന്നതായി നമുക്കു തോന്നും. സുവിശേഷത്തിനും സഹോദരീസഹോദരന്മാർക്കും പൂർണമായി സമർപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യാൻ തന്നെ. അത്തരം ഒരു തീരുമാനം കർത്താവിനെ അനുഗമിക്കാനും നമ്മെ പൂർണമായി അവിടുത്തേക്കു സമർപ്പിക്കാനും അവിടുത്തെ ജോലിയിൽ പങ്കുകാരാകാനും സർവവും ഉപേക്ഷിക്കുകയെന്ന ഒരു അപകട സാധ്യതയുണ്ട്. ഈ തീരുമാനമെടുക്കുമ്പോൾ അനേകതരം ആന്തരിക തടസ്സങ്ങളും ഉണ്ടാകാം. പ്രത്യേകിച്ച് വലിയ തോതിൽ സെക്കുലറായിട്ടുള്ള സാഹചര്യങ്ങളിൽ. അതിൽ ദൈവത്തിനും സുവിശേഷത്തിനും സ്ഥാനമില്ലെന്നു തോന്നിപ്പോകുക. "നിരുത്സാഹം തോന്നാനും പ്രത്യാശ തളരാനും" സാധ്യതയുള്ള സാഹചര്യങ്ങളാണവ (വൈദികർ, സമർപ്പിതർ, അല്മായാ പ്രസ്ഥാനങ്ങൾ എന്നിവരോടൊപ്പമുള്ള കുർബാനയിലെ പ്രഭാഷണം, പനാമ, 26 ജനുവരി 2019).



എന്നാലും സ്വജീവൻ കർത്താവിനുവേണ്ടി അപകടസാധ്യതയിലെത്തിക്കുന്നതിനെക്കാൾ വലിയ സന്തോഷം ഒരുവനുമില്ല. യുവജനങ്ങളായ നിങ്ങളോട് ഇത് പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വിളിക്കുനേരെ ചെവിയടയ്ക്കരുത്. ഈ വഴി പിന്തുടരാൻ അവിടുന്ന് നിങ്ങളെ വിളിക്കുന്നെങ്കിൽ തുഴ വഞ്ചിയിലിടരുത്. അവിടുന്നിൽ വിശ്വസിക്കുക, ഭയപ്പെടരുത്. കർത്താവ് ചൂണ്ടിക്കാണിക്കുന്ന വലിയ കയറ്റങ്ങൾക്കു മുമ്പിൽ ഭയം നമ്മെ തളർത്തിക്കളയും. വള്ളവും വലയും ഇട്ടുകളഞ്ഞിട്ട് കർത്താവിനെ പിൻതുടരുന്നവർക്ക് ഹൃദയത്തെ നിറയ്ക്കുന്നതും യാത്രയെ സജീവമാക്കുന്നതുമായ പുതുജീവന്റെ സന്തോഷം അവിടുന്ന് വാഗ്ദാനം ചെയ്യുന്നുവെന്ന് എപ്പോഴും ഓർക്കുക.

പ്രിയ സുഹൃത്തുക്കളേ, നമ്മുടെ ദൈവവിളി തിരിച്ചറിയുകയും ജീവിതത്തെ നേർവഴിക്കു നയിക്കാനും എപ്പോഴും എളുപ്പമല്ല. ഇക്കാരണത്താൽ മുഴുവൻ സഭയുടെയും ഭാഗത്തുനിന്ന് - വൈദികർ, സന്ന്യസ്തർ, അജപാലപ്രവർത്തകർ, വിദ്യാഭ്യാസപ്രവർത്തകർ എന്നിവരിൽ നിന്ന് നവീകൃതസമർപ്പണമുണ്ടാകണം. യുവജനങ്ങൾക്ക് കേൾക്കാനും തിരിച്ചറിയാനുമുള്ള പ്രത്യേക സൗകര്യങ്ങൾ നല്കുന്നതിനു തന്നെ. ഒരു യുവജനശുശ്രൂഷയും വിളി വളർത്തലും ആവശ്യമാണ്. ദൈവിക പദ്ധതി കണ്ടെത്താനുള്ള വഴി തുറക്കാനാണത്: സർവോപരി പ്രാർത്ഥന, ദൈവവചന ധ്യാനം, ദിവ്യകാരുണ്യാരാധന, ആധ്യാത്മിക സഹഗമനം എന്നിവയിലൂടെ.

പനാമയിൽ നടന്ന ലോകയുവജനദിനാഘോഷത്തിൽ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതുപോലെ നാം എപ്പോഴും മറിയത്തിലേക്കു നോക്കണം. ആ യുവതിക്കും ദൈവവിളി ഒരു വാഗ്ദാനവും അപകടസാധ്യതയുമായിരുന്നു. അവളുടെ ദൗത്യം എളുപ്പമുള്ളതായിരുന്നില്ല. എന്നാൽ ഭയം പ്രബലപ്പെടാൻ അവൾ അനുവദിച്ചില്ല. "സമർപ്പിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂലമായിരുന്നു അത്. അപകടസാധ്യത ഏറ്റെടുക്കാൻ ഇഷ്ടപ്പെട്ട തനിക്കുള്ളതെല്ലാം പരിത്യജിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂലം. താൻ ഒരു വാഗ്ദാനം വഹിക്കുന്നവളാണെന്ന് അറിയുന്നതിന്റെ തീർച്ചയല്ലാതെ മറ്റൊരു

സെക്യൂരിറ്റിയും അവൾക്കുണ്ടായിരുന്നില്ല. ഞാൻ നിങ്ങളിൽ ഓരോരുത്തരോടും ചോദിക്കുന്നു: നിങ്ങൾ വാഗ്ദാനം വഹിക്കുന്നവരായി കാണുന്നുണ്ടോ? നടപ്പാക്കേണ്ട എന്തു വാഗ്ദാനമാണ് എന്റെ ഹൃദയത്തിലുള്ളത്? മറിയത്തിന്റെ ദൗത്യം തീർച്ചയായും പ്രയാസമുള്ള ഒന്നായിരുന്നു. പക്ഷേ മൂന്നിൽ കണ്ട വെല്ലുവിളികളൊന്നും സമ്മതമില്ല എന്നു പറയാൻ കാരണമായില്ല. തീർച്ചയായും കാര്യങ്ങൾ സങ്കീർണമായിത്തീരും. എന്നാൽ കാര്യങ്ങൾ വ്യക്തമല്ലാതിരിക്കുകയും മുൻകൂട്ടി സുനിശ്ചിതമാകാതിരിക്കുകയും ചെയ്യുമ്പോൾ ഭീരുത്വം നമ്മെ തളർത്തിക്കളയുന്ന രീതിയല്ല അങ്ങനെയായിരിക്കുന്നത് (യുവജനങ്ങളോടൊപ്പമുള്ള ജാഗരണം, പനാമ 26 ജനുവരി 2019).

ദൈവവിളിക്കായുള്ള ഈ ആഗോള പ്രാർത്ഥനാദിനത്തിൽ നമുക്ക് നമ്മുടെ ജീവിതത്തെ സംബന്ധിച്ച് കർത്താവിന്റെ സ്നേഹപദ്ധതി കണ്ടെത്താനും അവിടുന്ന് നമുക്കു ഓരോരുത്തർക്കുമായി ആരംഭം മുതൽ നിശ്ചയിച്ചിട്ടുള്ള വഴിയിലൂടെ നടക്കാനുള്ള ധീരത നല്കാനായി അവിടുത്തോട് നമുക്ക് ഒന്നിച്ചു പ്രാർത്ഥിക്കുകയും സഹായം യാചിക്കുകയും ചെയ്യാം.

വത്തിക്കാനിൽ നിന്ന് 31 ജനുവരി 2019
വിശുദ്ധ ജോൺ ബോസ്കോയുടെ ഓർമദിനം

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025





# രൂപതക്കച്ചേരി

## C. 25/19 വൈദികർക്കായുള്ള സ്റ്റഡി ഫോറം

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡി ഫോറം 2019 മെയ് 14, 15 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡി ഫോറത്തിൽ പങ്കെടുക്കേണ്ടതാണ്.

അടിമാലി ആത്മജ്യോതി : മെയ് 14 (ചൊവ്വ)
ഇരട്ടയാർ : മെയ് 15 (ബുധൻ)
സമയം : 10.00 am - 4.00 pm

*Bishop*

## C. 26/19 സുപ്പീരിയേഴ്സ് കോൺഫറൻസ് മെയ് 31

ഇടുക്കി രൂപതയിൽ സേവനം ചെയ്യുന്ന സന്യാസിനീ സമൂഹങ്ങളിലെ സുപ്പീരിയേഴ്സിന്റെ ഒരു സമ്മേളനം 2019 മെയ് 31 ന് അടിമാലി ആത്മജ്യോതിയിൽ വച്ചു നടത്തുന്നതാണ്. നമ്മുടെ രൂപതയിൽ പ്രോവിൻസുള്ള എല്ലാ സന്യാസിനീ സമൂഹങ്ങളുടെയും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സും, കൗൺസിലേഴ്സും, രൂപതയിലെ എല്ലാ സന്യാസിനീ ഭവനങ്ങളിലേയും മദർ സുപ്പീരിയേഴ്സും ഈ കോൺഫറൻസിൽ പങ്കെടുക്കേണ്ടതാണ്.

സമയം : 10.00 am - 3.30 pm.

*Bishop*

## C. 27/19

**2019 ഫെബ്രുവരി 19, ഏപ്രിൽ 8 എന്നി തിയതികളിൽ ഇടുക്കി രൂപത പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ രൂപതാദ്ധ്യക്ഷൻ നൽകുന്ന നിർദ്ദേശങ്ങളും അറിയിപ്പുകളും**

1. ഇടവകയിലെ കണക്കുകൾ എഴുതുന്നതിലും സൂക്ഷിക്കുന്നതിലും

കൂടുതൽ ശ്രദ്ധയും കൃത്യതയും പുലർത്തണം. ബില്ലുകളും വൗച്ചറുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തണം. എല്ലാ ഇടവകകളിലും ഒരു കണക്കൻ (Accountant) ഉണ്ടാവുകയും അദ്ദേഹം കണക്കുകളെഴുതുകയും യോഗങ്ങളിൽ അവതരിപ്പിക്കുകയും ചെയ്താൽ അത് കൂടുതൽ വിശ്വാസ്യതയ്ക്ക് കാരണമാകും. 3 മാസം കൂടുമ്പോൾ പാരിഷ് കൗൺസിലിൽ കണക്കുകൾ അവതരിപ്പിക്കുന്ന രീതി കൃത്യമായി നടപ്പാക്കണം. വലിയ ഇടവകകളിൽ എല്ലാ മാസവും പാരിഷ് കൗൺസിൽ കൂടുകയും കണക്കുകൾ അവതരിപ്പിക്കുകയും ചെയ്യുന്നത് അഭികാമ്യമാണ്.

2. വികാരി -അസ്തേന്തി ബന്ധങ്ങൾ ഊഷ്മളമായി നിലനിറുത്തി കൊണ്ടുപോകുന്നത് ഇടവകകളിൽ വലിയ ക്രൈസ്തവസാക്ഷ്യത്തിന് കാരണമായിത്തീരും. ഇടവകയിൽ നടപ്പാക്കുന്ന കർമ്മപരിപാടികൾ ഇവർ പരസ്പരം ആലോചിച്ച് തീരുമാനിക്കുകയും സഹകരണത്തോടെ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

3. ഇടവകകളിലെ അജപാലന പ്രവർത്തനങ്ങളിൽ സന്യസ്തരുടെ പങ്കാളിത്തം കൂടുതൽ സജീവമാകണം. സംഘടനാ പ്രവർത്തനങ്ങളിലും കുടുംബക്കൂട്ടായ്മകളിലും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സഹകരണം ഉറപ്പുവരുത്തുവാൻ ബഹുമാനപ്പെട്ട വികാരിമാർ ശ്രദ്ധിക്കണം.

4. രൂപതാതലത്തിലും ഇടവകതലത്തിലും ഭക്തസംഘടനകൾ കൂടുതൽ സജീവമാകണം. സംഘടനാ പ്രവർത്തനങ്ങൾക്കായി കൂടുതൽ ഫണ്ട് നീക്കിവയ്ക്കുകയും ക്രിസ്തീയ സാക്ഷ്യം നൽകാൻ ഉപകരിക്കുന്ന കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും വേണം.

5. സീറോ മലബാർ സിനഡിന്റെ നിർദ്ദേശപ്രകാരം ഷംഷാബാദ് രൂപതയുടെ ഭാഗമായ നോർത്ത് ഈസ്റ്റിൽ (അരുണാചൽ പ്രദേശ്) ഒരു മിഷൻ ഇടുക്കി രൂപത ഏറ്റെടുക്കുന്നതാണ്. മെയ് 7 മുതൽ 23 വരെ നടക്കുന്ന മിഷൻ സന്ദർശനത്തിൽ നമ്മുടെ രൂപതയിൽ നിന്നും ഒരു വൈദികൻ പങ്കെടുക്കുന്നതാണ്. നമ്മുടെ ഇടവകകളിൽ



മിഷൻ അവബോധം വളർത്തുന്നതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട വൈദികർ കൈക്കൊള്ളേണ്ടതാണ്.

6. രൂപതയുടെ മൈനർ സെമിനാരിയിലേക്ക് നല്ല ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടതും സെമിനാരി പരിശീലനത്തിനാവശ്യമായ ഫണ്ട് ഇടവകകളിൽ നിന്നും സ്വരൂപിക്കുന്നതിനാവശ്യമായ കൂടുതൽ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി വൈദീകർ പരിശ്രമിക്കേണ്ടതുമാണ്.

7. വലിയ കടബാദ്ധ്യതകളും സാമ്പത്തിക പ്രതിസന്ധികളും മൂലം കരുണാ ആശുപത്രിയുടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകുവാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ ആശുപത്രിയുടെ തുടർന്നുള്ള പ്രവർത്തനം നിർത്തിവയ്ക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തോളമായി ഓരോ മാസവും ആശുപത്രിയിൽ അഞ്ചുലക്ഷത്തിലധികം രൂപ അധിക ചെലവുണ്ടാകുന്ന സാഹചര്യത്തിലാണ് ഈ തീരുമാനമെടുത്തത്. ഇപ്പോൾ നാലുകോടിയോളം വരുന്ന കരുണാ ആശുപത്രിയുടെ കടങ്ങൾ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തും വിവിധ സന്യാസസഭകളിൽ നിന്നും വായ്പയെടുത്തുമാണ് കൊടുത്തുതീർത്തിരിക്കുന്നത്.

*Bishop*

## C. 28/19 മ്ശംശാന, ഹെവ്പ്പദ്യാക്ന, കാറോയ പട്ടങ്ങളുടെ സ്വീകരണം

2018-19 വർഷങ്ങളിൽ മ്ശംശാന, ഹെവ്പ്പദ്യാക്ന, കാറോയ പട്ടങ്ങൾ സ്വീകരിച്ച സെമിനാരി വിദ്യാർത്ഥികൾ.

**മ്ശംശാന പട്ടം**

| | |
|---|---|
| കാട്ടുപാലത്ത് മാത്യു | - തങ്കമണി |
| കൊച്ചുപറമ്പിൽ അബ്രാഹം | - കട്ടക്കാല |
| മങ്ങാടൻപള്ളി ജേക്കബ് | - കോമ്പയാർ |
| മണിമലക്കുന്നേൽ അബ്രാഹം | - എഴുകുംവയൽ |

മണ്ണുക്കുളം മാത്യു - മഞ്ഞപ്പാറ
താണോലിൽ ജോസഫ് - തോപ്രാംകുടി
ഉമ്മിക്കുന്നേൽ ജോസഫ് - തൊവരയാർ
ഉറുമ്പിൽ തോമസ് - മണിയാറൻകുടി
വരകുകാലായിൽ തോമസ് - ചെമ്പകപ്പാറ
വട്ടത്തറയിൽ സെബാസ്റ്റ്യൻ - ബഥേൽ
വട്ടക്കുന്നേൽ ജയിംസ് - കരിമ്പൻ
വെള്ളകുളമ്പേൽ ജേക്കബ് - മാങ്കുളം
വെട്ടുകല്ലേൽ സെബാസ്റ്റ്യൻ - രാജമുടി

**ഹെവ്പ്പദ്യാക്ക്ന പട്ടം**

ആലുങ്കത്താഴെ ജോസഫ് - വെള്ളായാംകുടി
കല്ലുങ്കത്താഴെ ജോസഫ് - നെല്ലിപ്പാറ
കൊച്ചുചേന്നാട്ട് ജോസഫ് - തൊവരയാർ
കുന്നത്തുംപാറയിൽ ആന്റണി - കീരിത്തോട്

**കാറോയ പട്ടം**

കൂട്ടുംകുടിയിൽ ജോസഫ് - പാലാർ
ചുണ്ടയ്ക്കൽ ജോസഫ് - ഈട്ടിത്തോപ്പ്
തൊണ്ണമാക്കൽ ജോൺ - മുക്കുടം
പ്ലാത്തോട്ടത്തിൽ സെബാസ്റ്റ്യൻ - കുതിരക്കല്ല്
മടിയ്ക്കാങ്കൽ തോമസ് - നെല്ലിപ്പാറ

*Bishop*

## C. 24/19 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ഫിലിപ്പ് ഐക്കര | മെയ് 3 |
| റവ. ഫാ. ഫിലിപ്പ് മറ്റം | ” |
| റവ. ഫാ. ഫിലിപ്പ് പാറയ്ക്കൽ | ” |
| റവ. ഫാ. ഫിലിപ്പ് പെരുന്നാട്ട് | ” |
| റവ. ഫാ. ഫിലിപ്പ് താഴത്തുവീട്ടിൽ | ” |

*Bishop*



# ക്രിസ്തുജ്യോതി

## CJ. 31/19 സുവിശേഷോത്സവ് 2019

സുവിശേഷോത്സവം ഭംഗിയായി നടത്തുവാൻ ശ്രമിച്ച ബഹു. വികാരിയച്ചന്മാർ, മതാദ്ധ്യാപകർ, പി.ടി.എ., ഭക്തസംഘടനകൾ എല്ലാവർക്കും അഭിനന്ദനങ്ങൾ.

## CJ. 32/19 പാരിഷ് ഷെയർ

2018-19 അദ്ധ്യായനവർഷത്തെ പാരീഷ് ഷെയർ നൽകാത്ത ഇടവകകൾ എത്രയും വേഗം അത് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

## CJ. 33/19 S.S.C, H.C.C റിസൽറ്റ്

സൺഡേ സ്കൂൾ വാർഷിക പരീക്ഷയുടെ റിസൽറ്റ് (X, XII) മെയ് 10-ാം തീയതിക്കുശേഷം ക്രിസ്തുജ്യോതി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

## CJ. 34/19 സപ്ലിമെന്ററി പരീക്ഷ

ഏപ്രിൽമാസം നടന്ന ആനുവൽ പരീക്ഷയിൽ X, XII ക്ലാസുകളിൽ പാരാജയപ്പെട്ട കുട്ടികൾക്കും ഏപ്രിൽമാസം പരീക്ഷയെഴുതാൻ കഴിയാത്ത കുട്ടികൾക്കുമായി ജൂൺമാസം 1-ാം തീയതി സപ്ലിമെന്ററി പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. 10.00 am ന് അതാതു ഫൊറോനകളിൽ വച്ച് ആയിരിക്കും പരീക്ഷ നടത്തുക. ഓരോ ഇടവകയിൽ നിന്നും പരീക്ഷ എഴുതുന്നവരുടെ ലിസ്റ്റ് മെയ് 31 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. പരീക്ഷ ഫീസ് Rs. 50/- പരീക്ഷയ്ക്കു വരുമ്പോൾ ഏല്പിക്കണം.

## CJ. 35/19 അദ്ധ്യായനവർഷരംഭവും പ്രവേശനോത്സവവും

2019-20 അദ്ധ്യായനവർഷം മെയ് 26 ന് പ്രമോഷൻ ഡേ - യോടുകൂടി ആരംഭിക്കുന്നു. അടുത്ത അദ്ധ്യായന വർഷം കൂടുതൽ

കാര്യക്ഷമമായി നടത്തുവാൻ ആവശ്യമായ കാര്യങ്ങൾ ഏതെല്ലാമെന്ന് ബഹു. വികാരിയച്ചനും മതാദ്ധ്യാപകരും ചേർന്ന് സ്റ്റാഫ് മീറ്റിംഗ് കൂടി പ്ലാൻ ചെയ്ത് ജൂൺ 2 ന് പ്രവേശനോത്സവം ഭംഗിയായി നടത്തുമല്ലോ.

## CJ. 36/19 സൺഡേ സ്കൂൾ ബാഗ്

സൺഡേ സ്കൂൾ കുട്ടികൾക്കായുള്ള ബാഗ് തയ്യാറായിട്ടുണ്ട് വില Rs. 120/-.

## CJ. 37/19 ക്രിസ്തുജ്യോതി വാർഷിക കൺവെൻഷനും - സി.എം.എൽ. വിന്നർ സമ്മാനദാനവും മെയ് 24-ന് ആയിരമേക്കറിൽ

സൺഡേ സ്കൂളുകളുടെ വാർഷിക കൺവെൻഷൻ മെയ് 24-ാം തീയതി വെള്ളിയാഴ്ച ആയിരമേക്കറിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.00 am ന് വിശുദ്ധ കുർബാനയോടെ കൺവെൻഷൻ ആരംഭിക്കുന്നതും 1.00 pm ന് അവസാനിക്കുന്നതുമാണ്. കൺവെൻഷനിൽ പത്തനംതിട്ട മലങ്കര കത്തോലിക്ക രൂപതാദ്ധ്യക്ഷൻ Most. Rev. Samuel Mar Irenios മുഖ്യാതിഥി ആയിരിക്കും. എല്ലാ സൺഡേ സ്കൂളുകളിലേയും എച്ച്.എം, സ്റ്റാഫ് സെക്രട്ടറി, സുവിശേഷോത്സവ് ആനിമേറ്റേഴ്സ് എന്നിവർ കൺവെൻഷനിൽ സംബന്ധിക്കേണ്ടതാണ്. വിന്നർ 2019, ലോഗോസ് ക്വിസ് (ആദ്യത്തെ മൂന്ന് റാങ്കുകാർക്ക്), സ്കോളർഷിപ്പ് (ആദ്യത്തെ മൂന്ന് റാങ്കുകാർക്ക്), ടീച്ചേഴ്സ് അവാർഡുകൾ, സൺഡേ സ്കൂൾ ഗ്രേഡ് സർട്ടിഫിക്കേറ്റുകൾ, കൈയ്യെഴുത്തു മാസികയുടെ ഒന്നും രണ്ടും സ്ഥാനം എന്നിവയുടെ സമ്മാനങ്ങൾ നൽകുന്നതാണ്. സമ്മാനർഹരായ എല്ലാവരും കൺവെൻഷനിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്യുമല്ലോ. രജി. ഫീസ് ആളൊന്നിന് Rs. 50/- ആണ്. അടുത്ത വർഷ ത്തേക്കുള്ള സൺഡേ സ്കൂൾ ഫയൽ കൺവൻഷനിൽ വച്ച് നല്കുന്നതാണ്. മതാദ്ധ്യാപകരുടെ അവാർഡിനായി പേര് നൽ



കിയിരിക്കുന്നവർ ലിസ്റ്റിൽ പേര് ഉണ്ട് എന്ന് ഉറപ്പു വരുത്തുവാൻ ക്രിസ്തു ജ്യോതി ഓഫീസുമായി ബന്ധപ്പെടുക.

## CJ. 38/19 സൺഡേ സ്കൂൾ പാഠപുസ്തകങ്ങൾ - വിലവിവരം

| Class | Sunday Cat. | Work book | School Cat. | School Moral |
|---|---|---|---|---|
| I | 25 | 30 | 27 | 45 |
| II | 25 | 30 | 27 | 45 |
| III | 25 | 30 | 27 | 45 |
| IV | 25 | 30 | 27 | 45 |
| V | 30 | 30 | 27 | 50 |
| VI | 30 | 30 | 27 | 50 |
| VII | 30 | 30 | 27 | 50 |
| VIII | 30 | 30 | 22 | 50 |
| IX | 30 | 30 | 22 | 50 |
| X | 30 | 30 | 22 | 50 |
| XI | 30 | 30 | 40 | 40 |
| XII | 30 | 30 | 40 | 40 |

ഉപപാഠപുസ്തകം - Class V - Rs. 10, Class VI - Rs. 10, Class VII - Rs. 10, X, XI, XII ക്ലാസുകളുടെ ഉപപാഠപുസ്തകം - വിശ്വാസവഴിയിലെ സംശയങ്ങൾ എന്ന ഗ്രന്ഥമാണ്.

## CJ. 39/19 രൂപതാതല സ്കോളർഷിപ് റിസൾട്ട്

**Class IV**

*1st* - Ananya Binu Porimattathil, St. George Sunday School, Vazhathope.

*11nd* - Vismaya Sojan Muthuplackal, St. Mary's Sunday School, Murickassery.

III$^{rd}$ - Alona Dipu Kumbukkel, St. George Sunday School, Vazhathope.

IV$^{th}$ - Maria Graise Jiji Kolathu, St. Benedict Sunday School, Sleevamala.

**Class V**

I$^{st}$ - Edwin Jees Kuncharakattu, St. George Sunday School, Vazhathope.

II$^{nd}$ - Alan Jose Jomy Alapurackal, St. George Sunday School, Vazhathope.

III$^{rd}$ - Jyothis Anna Joseph Poovathinkal, Christuraj Sunday School, Rajakkadu.

IV$^{th}$ - Giptymol Antony Kollamkuzhyil, St. Benedict Sunday School, Sleevamala.

**Class VI**

I$^{st}$ - Avila Siby Kangirathumkunnel, St. Benedict Sunday School, Sleevamala.

II$^{nd}$ - a. Aiwa Anna Jose Poovathinkal, St. George Sunday School, Vazhathope.

- b. Angeleena Tomichan Kanjyampalackal, St. Mary's Sunday School, Kanjikkuzhy.

III$^{rd}$ - a. Neha Baby Kochuparambil, St.Joseph Sunday School, Koompanmala.

- b. Felicia Merin Jolly Valiyilputhenpura, St. George Sunday School, Vazhathope.

IV$^{th}$ - a. Ashna Mary Saji Kollatharayil, St. Mary's Sunday School, Kanjikkuzhy.

- b. Joyal Joseph Poovathinkal, Christuraj Sunday School, Rajakkadu.

**Class VII**

I$^{st}$ - Cinta Maria Saji Pazhoor, St. George Sunday School, Vazhathope.

II$^{nd}$ - Ann Maria Sijo Mangalathu, St. George Sunday School, Vazhathope.

III$^{rd}$ - Josna John Punnathaniyil, St. George Sunday School, Vazhathope.

IV$^{th}$ - Jaise Joseph Velleckakudiyil, St. Thomas Sunday School, Churuly.

**Class VIII**

I$^{st}$ - a. Minnu Emmanual Assarikkudiyil, St. George Sunday School, Vazhathope.

- b. Alenta Shibu Kovoor, Christuraj Sunday School, Rajakkadu.

II$^{nd}$ - a. Ann Karol James Ikkarakunnel, Christuraj Sunday School, Rajakkadu.

- b. Denna Tomy Karottukunnel, St. George Sunday School, Vazhathope.

III$^{rd}$ - Ashna K. Michael Kallarackal, St. George Sunday School, Vazhathope.

IV$^{th}$ - Angel Abraham Valikkal, St. Joseph's Sunday School, Santhigram.



**Class IX**

I$^{st}$ - Jinta Theres Saji Pazhoor, St. George Sunday School, Vazhathope.

II$^{nd}$ - Ance Jimmy Kuthanappillil, St. George Sunday School, Vazhathope.

III$^{rd}$ - Manu Emmanuel Assarikudiyil, St. George Sunday School, Vazhathope.

IV$^{th}$ - Besty Stella Sabu Kariyankal, St. Benedict Sunday School, Sleevamala.

**Class X**

I$^{st}$ - Amanta Benny Palakunnel, St. George Sunday School, Vazhathope.

II$^{nd}$ - Jismi Johnson Kalapurackal, St. George Sunday School, Vazhathope.

III$^{rd}$ - Johns Mathew Kulangara, St. Jude Sunday School, Adimaly.

IV$^{th}$ - Joyal Sebastian Mundooparambil, St. George Sunday School, Vellayamkudy.

## CJ. 40/19 മതാദ്ധ്യാപകരുടെ കൈയെഴുത്തു മാസിക മത്സര ഫലം

1$^{st}$ - St.Joseph's Sunday School Santigram "EMUNAH"

&

St. Antony's Sunday School Irumpupalam "Come & See"

2$^{nd}$ - St George Sunday School Calvarymount "Fide"

3$^{rd}$ - St George Sunday School Vazhathope- "Fesio"

&

St Jude School Sunday School Adimaly - "Yugant".

## CJ. 41/19 SMCC Std VII

2019 മെയ് 11–13 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന SMCC ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ.

**ആൺകുട്ടികൾ**

1. ജെഫിൻ ജോജോ കരിങ്ങാമാവിൽ, വെള്ളയാംകുടി
2. ജോർജ്ജുകുട്ടി ഷൈജു കാക്കനാട്ട്, രാജകുമാരി
3. ഷെയിൻ സുഭാഷ് മറ്റപ്പിള്ളിൽ, മരിയാപുരം

**പെൺകുട്ടികൾ**

1. അമലാ സജി വാലുമ്മേൽ, ചെമ്മണ്ണാർ
2. ഡിന പനയ്ക്കത്തോട്ടത്തിൽ, തങ്കമണി
3. സ്റ്റീവ സനീഷ് നിരപ്പേൽ, രാജാക്കാട്

## CORPORATE EDUCATIONAL AGENCY

### Edn. 16/19 പ്രധാനാധ്യാപക യോഗം

നമ്മുടെ സ്കൂളുകളിലെ 2019-20 വർഷത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുവാനായി പ്രധാനാധ്യപകരുടെ ഒരു യോഗം 25-04-2019 ശനിയാഴ്ച 2 മണിക്ക് രൂപതാ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. എല്ലാവരും കൃത്യസമയത്ത് ഹാജരാകണമെന്ന് അറിയിക്കുന്നു.

### Edn. 17/19 അധ്യാപക സെമിനാർ 2019-20

നമ്മുടെ രൂപത സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യപകരുടെ 2019-20 വർഷത്തെ സെമിനാർ താഴെപറയുന്ന കേന്ദ്രങ്ങളിൽ വച്ച് മെയ് 28, 29 തിയതികളിൽ നടത്തുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഓരോ സ്കൂളും സംബന്ധിക്കേണ്ട സ്ഥലങ്ങൾ പ്രധാനാധ്യാപകരെ പിന്നീട് അറിയിക്കുന്നതാണ്.

28-05-2019 - ഇരട്ടയാർ സെന്റ് തോമസ് പാരീഷ്ഹാൾ.
29-05-2019 - പാറത്തോട് സെന്റ് ജോർജസ് ഹൈസ്കൂൾ.
സമയം : 10.00 am - 3.30 pm.



## സോഷ്യൽ സർവ്വീസ്

### SS 52/19 പുനരധിവാസ പ്രവർത്തനം

ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇടുക്കി രൂപത നടത്തുന്ന ദുരിത ബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മേഖലകളിലായി ഭവന നിർമ്മാണത്തിനായി 246 പേർക്ക് 17138000/ രൂപയും, വീട് നവീകരണത്തിനായി 235 പേർക്ക് 5168500/രൂപയും നൽകി. വരുമാന വർദ്ധനവിനുള്ള വ്യത്യസ്ത പദ്ധതികൾ ക്കായി (പശു, കോഴി, കോഴിക്കൂട്, ആടു വളർത്തൽ, തയ്യൽ മെഷീൻ, മീൻ വളർത്തൽ, തേനീച്ച വളർത്തൽ) ഇതുവരെ 933 പേർ ക്കായി 3742847/- രൂപ ചിലവഴിച്ചു.

### SS 53/19 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും ഏപ്രിൽ മാസത്തിൽ10 പേർക്ക് ചികിത്സയ്ക്കായി 20500 രൂപ നൽകി.

### SS 54/19 അഞ്ജനം നേത്രദാന പദ്ധതി

അഞ്ജനം നേത്രദാന പദ്ധതിയിലൂടെഏപ്രിൽ മാസത്തിൽ ജോൺ പൈലി തെക്കേകുന്നേൽ മുരിക്കാശ്ശേരി, രാജൻ കുട്ടൻ ചൊവ്വരപുത്തൻപുരയ്ക്കൽ മഞ്ഞപ്പാറ, ജോസ് മാത്യു കൂറുമുള്ളംതടത്തിൽവെള്ളയാംകുടി എന്നിവർ തങ്ങളുടെ കണ്ണുകൾ ദാനം ചെയ്തു.അവരുടെ കുടുംബാംഗങ്ങളെ പ്രത്യേകം നന്ദി അറിയിക്കുന്നു.

### SS 55/19 സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യ, പദ്ധതി - പ്രവർത്തനവിലയിരുത്തലും സന്ദർശനവും

സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യയുടെ 2018 - 19 വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഏപ്രിൽ 15, 16, 17 തിയതികളിലായി നടന്നു. സേവ് എ ഫാമിലിയുടെ റീജണൽ പ്രോഗ്രാം

ഓഫീസർ ശ്രീ. ബിജോയ് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, കോ-ഓർഡിനേറ്റർ മെൽബിൻ മാത്യു, ആനിമേറ്റർമാരായ കുഞ്ഞമ്മ തോമസ്, ഷൈനി മാത്യു, നിഷാ ഷിജോ എന്നിവർ നേതൃത്വം നൽകി.

### SS 56/19 ഹരിത സമൃദ്ധി പദ്ധതി വിലയിരുത്തൽ

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആദിവാസി ക്ഷേമ പദ്ധതിയായ ഹരിത സമൃദ്ധിയുടെവിപുലമായ പരിശോധനയും വിലയിരുത്തലും ഏപ്രിൽ 15, 16, 17 തിയതികളിൽ മറയൂരിൽ നടന്നു. നാഫ്കോൺ എന്ന ഏജൻസി നടത്തിയ വിലയിരുത്തലിന് ഡോ. ടിറ്റോ ജോസഫ്, ഷംസാദ് എന്നിവർ നേതൃത്വം നൽകി. സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, പ്രോഗ്രാം ഓഫീസർ സിബി തോമസ്, ഫീൽഡ് കോ-ഓർഡിനേറ്റർമാരായ എബിൻ കുറുന്താനത്ത്, റോബിൻ ആയിലുകുന്നേൽ, ജസ്റ്റിൻ ചെറിയാൻ എന്നിവർ പങ്കെടുത്തു.

### SS 57/19 തയ്യൽ മെഷീൻ വിതരണം

തയ്യൽ പരിശീലനം പൂർത്തിയാക്കിയ 13 ആദിവാസി വനിതകൾക്ക് കുറഞ്ഞ നിരക്കിൽ തവണ വ്യവസ്ഥയിൽ തയ്യൽ മെഷീൻ വിതരണം ചെയ്തു.

### SS 58/19 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് ഓഡിറ്റ്

ക്രെഡിറ്റ് യൂണിയന്റെ യൂണിറ്റ് ഓഡിറ്റ് ഏപ്രിൽ 9 മുതൽ ആരംഭിച്ചു. മെയ് 10 നകം എല്ലായിടത്തും തീരാവുന്ന രീതിയിലാണ് ഓഡിറ്റ് ക്രമീകരിച്ചിരിക്കുന്നത്.

### SS 59/19 ക്രെഡിറ്റ് യൂണിയൻ മേഖലാ സമ്മേളനം

ക്രെഡിറ്റ് യൂണിയന്റെ മേഖലാ സമ്മേളനം 4 സ്ഥലങ്ങളിലായി മെയ് മാസത്തിൽ നടത്തുന്നതിന് തീരുമാനിച്ചു. മെയ് 10 ന് അടിമാലി മേഖലാ സമ്മേളനം ആയിരമേക്കറിലും, മെയ് 17 ന് ഇരട്ടയാർ മേഖലാ സമ്മേളനം ഇരട്ടയാറ്റിലും, വാഴത്തോപ്പ് മേഖലാ



സമ്മേളനം മെയ് 21 ന് ചുരുളിയിലും, മദ്ധ്യമേഖലാ സമ്മേളനം മെയ് 25 ന് മുരിക്കാശ്ശേരിയിലും നടത്തുന്നതാണ്.

## തിരുബാലസഖ്യം

### HC 05/19 ഏയ്ഞ്ചൽസ് മീറ്റ് 2019

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം 'ഏയ്ഞ്ചൽസ് മീറ്റ്' മെയ്മാസം 16-ാം തീയതി വ്യാഴാഴ്ച വാഴത്തോപ്പ് കത്തീഡ്രൽ പള്ളിയിൽ നടത്തപ്പെടുകയാണ്. എല്ലാ ഇടവകകളിൽ നിന്നും കുട്ടികളെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. മെയ്മാസം 5-ാം തീയതി ക്കുമുമ്പായി പങ്കെടുക്കുന്നവരുടെ എണ്ണം താഴെ തന്നിരിക്കുന്ന നമ്പറിൽ വിളിച്ച് അറിയിക്കുമല്ലോ.

ഫോൺ നമ്പർ : 9539192927, 9846862253.

## ജീസസ് യൂത്ത് ഇടുക്കി സോൺ

### JY 08/19 ഉപരി പഠനത്തിനായി തയ്യാറെടുക്കുന്നവർക്കായി "ലിബറേറ്റ 2019"

ജീസസ് യൂത്തിന്റെയും രൂപതാ മതബോധന കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നമ്മുടെ രൂപതയിൽ ഈ വർഷം പന്ത്രണ്ടാം ക്ലാസിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന യുവജനങ്ങൾക്കായി മെയ് 6 മുതൽ 10 വരെ അടിമാലി CMI വിശ്വദീപ്തി പബ്ലിക് സ്കൂളിൽ വച്ച് ''ലിബറേറ്റ'' എന്ന യൂത്ത് ഫോർമേഷൻ പ്രോഗ്രാം നടത്തപ്പെടുന്നു.

തുടർ വിശ്വാസപരിശീലനത്തോടൊപ്പം മികച്ച കരിയർ കണ്ടെത്താൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ എൻജിനി

യറിംഗ്, മെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് സർവ്വീസസ്, അക്കൗണ്ടിംഗ്, ഐറ്റി., സിനിമ തുടങ്ങി വിവിധ തൊഴിൽ മേഖലകളിൽ നിന്നുള്ള ആളുകളുമായി നേരിട്ട് സംവദിക്കുന്നതിനുള്ള അവസരം, കൂടുതൽ മുന്നേറാനുള്ള മാർഗ്ഗനിർദേശങ്ങൾ, കോളേജിൽ വിശ്വാസപരിശീലനത്തിനുള്ള സാധ്യതകൾ എന്നിവ ഈ പ്രോഗ്രാമിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നു.

ആകെ രജിസ്ട്രേഷൻ ഫീസ് 600 രൂപയാണ്. 200 രൂപ മുൻകൂറായി അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. എല്ലാ കുട്ടികളും ഈ അവസരം പ്രയോജനപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

കൂടുതൽ വിവരങ്ങൾക്ക് :
ആൽവിൻ - 8281506978
ഫാ. ബോബി തെങ്ങുംതോട്ടത്തിൽ - 9656939160
ജോയി തൊണ്ണംമാക്കൽ - 9447207704

## JY 09/19 പുതിയ സോണൽ കൗൺസിൽ

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ പുതിയ കൗൺസിലിനായുള്ള സോണൽ അസംബ്ലി മാർച്ച് 30 ന് പടമുഖം സ്നേഹമന്ദിരത്തിൽ നടത്തപ്പെട്ടു.

സോണൽ ചാപ്ലെൻ ഫാ. ജോസഫ് തെങ്ങുംതോട്ടത്തിൽ, ആനിമേറ്റർ സി. അനില എഫ്.സി.സി. എന്നിവരുടെ സാന്നിദ്ധ്യത്തിൽ അഭിലാഷ് എം.കെ., ആന്റോ തോമസ് (കേരളാ ജീസസ് യൂത്ത് കൗൺസിൽ അംഗങ്ങൾ) അസംബ്ലിയ്ക്ക് നേതൃത്വം നൽകി.

**സോണൽ എൽഡർ** : ജോയി തൊണ്ണംമാക്കൽ, പാറത്തോട്
**സോണൽ കോ-ഓർഡിനേറ്റർ**: ആൽവിൻ തോമസ്, കഞ്ഞിക്കുഴി
**അസി. കോ-ഓർഡിനേറ്റർ** : ജോമോൾ സാലു, മുരിക്കാശ്ശേരി
**കൗൺസിൽ സെക്രട്ടറിമാർ** : ജിസ്മോൻ സണ്ണി, മുക്കുടം
ആൻസൺ വർഗീസ്, വാഴത്തോപ്പ്
മിഥുൻ സണ്ണി, തോപ്രാംകുടി
വീനസ് ബേബി, കഞ്ഞിക്കുഴി
റിൻസി ആന്റണി, പാറത്തോട്
ഫ്രിബിൻ തോമസ്, കഞ്ഞിക്കഴി
ഡിനു ജോണി, പാറത്തോട്
അജോ അഗസ്റ്റിൻ, വെൺമണി

എന്നിവർ 2019-21 വർഷത്തേയ്ക്കുള്ള സോണൽ കൗൺസിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു.

**സോണൽ ഫാമിലി സ്ട്രീമിം**

**കോ-ഓർഡിനേറ്റർ** : ബാബു ജോസഫ് കൊച്ചുപുരയ്ക്കൽ, രാജാക്കാട്
**അസി. കോ-ഓർഡിനേറ്റർ** : സൈജു ജോസഫ് കല്ലുവച്ചേൽ, ഉദയഗിരി

എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് സോണൽ ചാപ്ലെൻ ഫാ.ജോസഫ് തെങ്ങുംതോട്ടത്തിൽ അഭിഷേക പ്രാർത്ഥന നടത്തുകയും, ആനിമേറ്റർ സി. അനില എഫ്.സി.സി. കത്തിച്ച ദീപം നൽകി പ്രാർത്ഥിക്കുകയും ചെയ്തു.

# ചെറുപുഷ്പ മിഷൻലീഗ്

## CML 10/19 വിന്നർ - 2K19

മിഷൻലീഗിലെ കുട്ടികളുടെ അവധിക്കാല പദ്ധതിയായ 'വിന്നർ - 2K19' ൽ പൂർത്തിയാക്കി വർക്ക് ബുക്ക് അതാതു സെന്ററുകളിൽ മെയ് 5-ാം തിയതിയ്ക്കു മുമ്പായി എത്തിക്കണം. 6-ാം തിയതി അത് കളക്ട് ചെയ്യാൻ രൂപതാ സി.എം.എൽ. കേന്ദ്രത്തിൽ നിന്നും വരുന്നതാണ്. ഇത്രയധികം ബുക്കുകൾ പരിശോധിച്ച് സമ്മാനാർഹരായവരെ കണ്ടെത്തേണ്ടതുകൊണ്ട് മേൽ പറഞ്ഞ തിയതികളിൽ മാറ്റമുണ്ടാകുന്നതല്ല. അല്ലെങ്കിൽ 8-ാം തിയതിയ്ക്ക് മുമ്പായി രൂപതാ കേന്ദ്രത്തിൽ നേരിട്ട് എത്തിക്കുകയോ ചെയ്യുക. പിന്നീട് കിട്ടുന്നതൊന്നും സമ്മാനത്തിനു പരിഗണിക്കുന്നതല്ല. നേരത്തെ അറിയി

ച്ചിരുന്ന തിയതിയിലും, സമ്മാനദാന സ്ഥലത്തിലും മാറ്റമുള്ളത് ശ്രദ്ധിക്കണേ.

- ❖ മെയ് 24 വെള്ളി – ആയിരമേക്കർ പാരീഷ് ഹാൾ.
- ❖ **സെന്ററുകൾ** : അടിമാലി, രാജക്കാട്, നെടുംകണ്ടം, വാഴത്തോപ്പ്, ചുരുളി, മുരിക്കാശ്ശേരി, തങ്കമണി, ഇരട്ടയാർ, വെള്ളയാംകുടി, പാറത്തോട്, വെള്ളത്തൂവൽ.

### CML 11/19 റിപ്പോർട്ടുകൾ

വാർഷിക റിപ്പോർട്ട്, അംഗത്വ രജിസ്ട്രേഷനു മിഷൻലീഗിലെ കുട്ടികളുടെ ലിസ്റ്റ്, സെയിന്റ്സ് ഡയറി, റീഡേഴ്സ് ഹണ്ട്, എല്ലാ ദിവസവും മുടക്കമില്ലാതെ പള്ളിയിൽ വന്ന കുട്ടികളുടെ ലിസ്റ്റ് എന്നിവ മെയ് 15–ാം തിയതിയ്ക്കു മുമ്പായി രൂപതാ സി.എം.എൽ. കേന്ദ്രത്തിൽ എത്തിക്കണം.

### CML 12/19 വിഹിതങ്ങൾ

മിഷൻ കലണ്ടർ, സ്നേഹിതൻ, വിന്നർ - 2K19, രൂപതാ വിഹിതം എന്നിവ ഇനിയും തരാനുള്ളവർ ദയവായി ഉടനെ തന്നു തീർക്കാൻ ശ്രദ്ധിക്കണേ.

### CML 13/19 കൈയ്യെഴുത്തു മാസിക മത്സര റിസൽട്ട്

| | | | |
|---|---|---|---|
| Ist | എലയോസ് | - | വെള്ളയാംകുടി |
| IInd | ഇൽമെസാജിയോ | - | കാൽവരിമൗണ്ട് |
| IInd | സീയോൻ | - | ഉപ്പുതോട് |
| IIIrd | LUX ET SAL | - | എഴുകുംവയൽ |
| IIIrd | മഞ്ഞ് | - | രാജാക്കാട് |



## കെ.സി.വൈ.എം.

### KCYM 12/19 കരിയർ ഗൈഡൻസ്

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ യുവജനങ്ങളെ വിവിധ ജോലിസാദ്ധ്യതകൾ പരിചയപ്പെടുത്തുന്നതിനായി കരിയർ ഗൈഡൻസ് ക്ലാസുകൾ നടത്തപ്പെടുന്നു.

**സെന്ററുകൾ**

മെയ് 2 – വാഴത്തോപ്പ്
മെയ് 3 – ചെമ്മണ്ണാർ
മെയ് 4 – ഇരട്ടയാർ
മെയ് 6 – അടിമാലി

### KCYM 13/19 മെയ് ദിനാഘോഷം

തങ്കമണി ഫൊറോനാ പള്ളിയുടെ ആഭിമുഖ്യത്തിൽ മെയ് 1 ന് തങ്കമണിയിൽ വച്ച് തൊഴിലാളി ദിനം ആചരിക്കുന്നു. അന്നേ ദിവസം തങ്കമണി ടൗണിലെ തൊഴിലാളികളെ ആദരിക്കലും തൊഴിലാളികളുടെ സംഗമവും നടത്തുന്നതാണ്.

### KCYM 14/19 റോഡ് ഷോ

റോഡപകടങ്ങൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ, ട്രാഫിക് നിയമ ബോധവത്കരണത്തിന്റെ ഭാഗമായി മെയ് 10 ന് കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ പ്രധാന ടൗണുകളിലും ബസ്സ്റ്റാന്റുകളിലും റോഡ് ഷോയും തുടർന്ന് സന്ദേശവും നടത്തുന്നു. എല്ലാവരുടേയും പ്രോത്സാഹനവും സഹകരണവും പ്രതീക്ഷിക്കുന്നു.

# മാതൃവേദി

## MV 06/19

ഇടുക്കി രൂപതാ മാതൃവേദിയുടെ രൂപതാ വാർഷികവും, ബൈബിൾ കൈയ്യെഴുത്തു മത്സരത്തിൽ പങ്കെടുത്ത അമ്മമാരുടെ സമ്മേളനവും - വചനോത്സവവും സംയുക്തമായി 2019 മെയ് 3-ാം തിയതി വെള്ളയാംകുടിയിൽ വച്ച് നടത്തപ്പെടുന്നു. വാർഷിക ആഘോഷത്തിന്റെ ഭാഗമായി ഇടവകയിലെ ഡയറക്ടറും മോഡറേറ്റർ സിസ്റ്ററും ഇടവക ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. അന്നേ ദിവസം തന്നെ വചനോത്സവവും നടത്തപ്പെടുന്നു. വചനോത്സവത്തോട് അനുബന്ധിച്ച് ബൈബിൾ (കൈയ്യെഴുത്തു പ്രതി) എക്സിബിഷനും ഉണ്ടായിരിക്കുന്നതാണ്. അതിനുശേഷം എല്ലാ യൂണിറ്റുകളും നിർബന്ധമായും അന്നുതന്നെ കൈയ്യെഴുത്തു പ്രതികൾ തിരികെ കൊണ്ടു പോകേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

ബെസ്റ്റ് യൂണിറ്റ്, അമ്മ മനസ്, ഗുരുശ്രേഷ്ഠ, കർമ്മശ്രേഷ്ഠ, ഷോർട്ട് ഫിലിം എന്നീ അവാർഡുകളുടെ ദാനവും ഉണ്ടായിരിക്കുന്നതാണ്. മുൻ വർഷത്തിലെ പോലെ രൂപതാ വിഹിതവും (2000, 1500, 1000), ഒരു യൂണിറ്റ് ഒരു ഡയാലിസിസും (1000) വാർഷിക ദിനത്തിൽ കൊണ്ടുവരേണ്ടതാണ്.

### പ്രോഗ്രാം

09.00 am - വി. കുർബാന

10.00 am - ബൈബിൾ കൈയ്യെഴുത്തിലൂടെ ലഭിച്ച സാക്ഷ്യങ്ങളുടെ പങ്കുവയ്ക്കൽ, ബൈബിൾ എക്സിബിഷൻ

10.30 am - വാർഷികം, വചനോത്സവം ഉദ്ഘാടനം

01.00 pm - ഉച്ചഭക്ഷണം

01.30 am - ഷോർട്ട് ഫിലിം പ്രദർശനം



## MV 07/19 സുകൃതം പേഷർ കളക്ഷൻ

സുകൃതം ഡയാലിസിസിന് ഫണ്ട് കണ്ടെത്തുന്നതിനായി ഓരോ ഇടവകയിൽ നിന്നും പേപ്പർ കളക്ഷൻ വിജയകരമായി നടത്തി വരുന്നു. പേപ്പർ സമാഹരിക്കുവാനും സോർട്ട് ചെയ്യുവാനും സഹായിച്ച ഏവർക്കും നന്ദിയറിയിക്കുന്നു. ഇനിയും സോർട്ട് ചെയ്യാത്ത പേപ്പറുകൾ സോർട്ട് ചെയ്യുവാൻ അതാതു ഇടവകകളിലെ അമ്മമാർ സഹായിക്കുമല്ലോ. (പത്രം, നോട്ടുബുക്ക്, പുസ്തകം, മാസിക, കവർ പേജ് എന്നിങ്ങനെ ഇനം തിരിച്ച് സോർട്ട് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ).

## MV 08/19 ബൈബിൾ കൈയ്യെഴുത്ത് മത്സര വിജയികൾ

### ലേഖനം Y

Ist ജെസ്ന തോമസ് എഴുത്തുപുരയ്ക്കൽ, കാമാക്ഷി
IInd അഞ്ചന ജോയി കരോട്ടേടത്ത്, മുരിക്കാശ്ശേരി
IIIrd ചിഞ്ചു ജെയിംസ് ശൗരിയാംകുഴിയിൽ, മുളകരമേട്

### ലേഖനം M

Ist ആന്റണി ജോസഫ് പുത്തൻപുരയ്ക്കൽ, തങ്കമണി
IInd ജോയി അകലയിൽ, ആയിരമേക്കർ
IIIrd സജി ജോസഫ് തിരുത്താലിൽ, മുരിക്കുംതൊട്ടി

### ലേഖനം A

Ist പോളി ബെന്നി പാറത്തുപള്ളിൽ, രാജകുമാരി
IInd റോസമ്മ കാവുങ്കൽ, തങ്കമണി
IInd ലാലി ജോസഫ് കൊടിയംകുന്നേൽ, പനംകുട്ടി
IIIrd ജെസ്സി റോബിൻ പതിയിൽ, തൊവരയാർ
IVth ജെസ്സി ജോൺസൺ വിലങ്ങുപാറയിൽ, കരിമ്പൻ
Vth സാലി ആൻഡ്രൂസ് അങ്ങാടിയത്ത്, രാജകുമാരി
VIth ലിസ്സി സജീവ് മുരിപ്പാറ, മച്ചിപ്ലാവ്
VIIth സുജാ ജോബി മുത്തനാട്ട്, നെല്ലിപ്പാറ
VIIIth ലിൻസി സജി വലിയംകുന്നേൽ, പണിക്കൻകുടി
IXth ജെയ്സമ്മ തോമസ് കുഴിപ്പള്ളിൽ, നെടുംങ്കണ്ടം
Xth ബോബി ജോസ് പോൾ കുരിശുങ്കൽ, രാജകുമാരി

**ലേഖനം B**

Ist ജിൻസി സജു വെള്ളംകുന്നേൽ, കരിമ്പൻ
IInd മരിയ റോജൻ ഇറക്കത്തിൽ, ആനക്കുളം
IIIrd അഞ്ചു ജെസ്റ്റിൻ വരിക്കാംതടത്തിൽ, കല്ലാറുകുട്ടി
IVth ജൂബി ഷൈജു കാക്കനാട്ട്, രാജകുമാരി
Vth ബിന്ദു ജോൺസൺ തെങ്ങുംകുടിയിൽ, രാജകുമാരി
VIth ജൂലി ബിജു ഇളന്തൂർ, ബഥേൽ
VIIth അഞ്ചു സൈജോ തൊണ്ണംമാക്കൽ, മുക്കുടം
VIIIth ടിന്റു ബാബു തേവർകുന്നേൽ, കാന്താപ്പാറ
IXth ജിസ്മോൾ ബിജു താന്നിക്കോട്ട്, കുത്തുപ്പാറ
Xth ഡാർലി ഷാജി കണ്ണംപ്ലാക്കൽ, കഞ്ഞിക്കുഴി

**സുവിശേഷം Y**

Ist അലന ബെന്നി പുല്ലൻകുന്നേൽ, കല്ലുപാലം
IInd ക്രിസ്റ്റി മോനിക്ക ഇടവക്കണ്ടം, മച്ചിപ്ലാവ്
IIIrd അലീന ജോൺസൺ പുളിക്കമാലിൽ, കുമ്പൻപ്പാറ

**സുവിശേഷം A**

Ist കൊച്ചുറാണി ഗബ്രിയേൽ വലിയകുളത്തിൽ, വെള്ളയാംകുടി
IInd മിനി ലാലു കൈപ്പടശേരിൽ, കരിമ്പൻ
IIIrd മിനി ബിജു കടത്തെഴുത്തിക്കൽ, പൊട്ടൻകാട്

**സുവിശേഷം B**

Ist ആൻ തെരേസ ഞണ്ടിമാക്കൽ, കരിമ്പൻ
IInd ബിൻസി ബാബു മണ്ടപത്തിൽ, പൊന്നാമല
IIIrd അനിമോൾ എബ്രാഹം കൊച്ചുപുരയ്ക്കൽ, കോഴിമല

**സുവിശേഷം M**

Ist ജോണി ജോർജ് മുളവേലിൽ, ജോസ്ഗിരി
IInd ബാബു ശൗരിയാംകുഴിയിൽ, മുളകരമേട്
IIIrd ജോയി കോർക്കുഴിയിൽ, ബൈസൺവാലി

**MV 09/19 വചനോത്സവം**

2019 മെയ് 3-ാം തിയതി മാതൃവേദി വാർഷികത്തോടൊപ്പം,





ബൈബിൾ എഴുതിയ അമ്മമാരെ ആദരിക്കുന്നു. അന്നേ ദിവസം ബൈബിൾ എഴുതിയ എല്ലാ അമ്മമാരും അതിൽ പങ്കെടുക്കുകയും രൂപതയുടെ ആദരവ് ഏറ്റുവാങ്ങേണ്ടതുമാണ്.

**MV 10/19 അറിയിപ്പ്**

കഴിഞ്ഞ വർഷം ബെസ്റ്റ് യൂണിറ്റിന് അർഹരായി ട്രോഫികൾ കരസ്ഥമാക്കിയവർ ഈ മാസം 3-ാം തിയതിയ്ക്കുള്ളിൽ ട്രോഫികൾ മാതൃവേദി ഓഫീസിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.

# ആത്മജ്യോതിയിലെ പരിപാടികൾ

**മെയ് 2019**

02 - 03 : ടീച്ചേഴ്സ് ഗിൽഡ് സെമിനാർ
10 - 12 : വിവാഹ ഒരുക്ക സെമിനാർ
11 - 12 : തിയോളജി കോഴ്സ്
14 : വൈദികരുടെ സ്റ്റഡി ഫോറം
24 - 26 : വിവാഹ ഒരുക്ക സെമിനാർ
31 : സുപ്പീരിയേഴ്സ് കോൺഫറൻസ്

# അറിയിപ്പുകൾ

**ചികിത്സ കഴിഞ്ഞവർക്ക് ഒരു പ്രത്യേക പുനരധിവാസ കേന്ദ്രം**

മദ്യപാനം, മാനസിക രോഗം, വ്യക്തിത്വ വൈകല്യങ്ങൾ തുടങ്ങിയ രോഗങ്ങൾക്ക് ചികിത്സ കഴിഞ്ഞവർക്കും മരുന്നു കഴിച്ചിട്ടും ഇടയ്ക്കിടെ വീണ്ടും തകർച്ചയിലേക്ക് പോകുന്നവർക്കും ഒരാഴ്ച മുതൽ 1 വർഷം വരെ താമസിച്ച് പ്രാണയാമം, വിവിധ തെറാപ്പികൾ, കുടുംബചികിത്സ, ധ്യാനം, ലളിത ജോലികൾ, കൗൺസലിംഗ്, ബോധവൽക്കരണ ക്ലാസുകൾ, ജീവിത പരിശീലനം

തുടങ്ങിയ മാർഗ്ഗത്തിലൂടെ രക്ഷിക്കുവാനുള്ള ഒരു പുതിയ സെന്റർ ആരംഭിച്ചിരിക്കുന്നു.

**NB:** 1) താമസവും തെറാപ്പികളും സൗജന്യമായിരിക്കും.
2) വിജയപ്രദമെന്നു തോന്നുന്നവർക്ക് പറ്റിയ ജോലി കണ്ടെത്തി കൊടുക്കാനും സഹായിക്കുന്നു.

മദ്യപരുടേയും മാനസിക രോഗികളുടേയും ഇടയിൽ കഴിഞ്ഞ 33 വർഷം പ്രവർത്തിച്ച അനുഭവസമ്പത്തും 40 ഓളം കേന്ദ്രങ്ങളിൽ താമസിച്ചു സഹായിച്ചപ്പോഴുണ്ടായ അനുഭവങ്ങളും ചിന്തകളുമാണ് ഈ പുതിയ സംരംഭത്തിന് പ്രേരകമായത്.

### സൗജന്യ ഫോൺ കൗൺസലിംഗ്

മദ്യപാനം, മാനസിക പ്രശ്നങ്ങൾ, കുടുംബകലഹം, ഉറക്കക്കുറവ്, സംശയം, കടക്കെണി, ആത്മഹത്യാ പ്രവണത, കുട്ടികളുടെ പ്രശ്നങ്ങൾ, പുകവലി തുടങ്ങിയ പ്രശ്നങ്ങളുള്ളവർക്കും കുടുംബാംഗങ്ങൾക്കും 24 മണിക്കൂറും ഫോണിലൂടെ കൗൺസലിംഗിന് വിളിക്കാം.

സഹപ്രവർത്തകർക്കും ടീം മെമ്പേഴ്സിനും ഫോൺ നമ്പർ കൊടുക്കുകയും സാധിക്കുമെങ്കിൽ എല്ലാ വെള്ളിയാഴ്ചകളിലും ആരംഭിക്കുന്ന 3 ദിവസത്തെ ഗെയ്ഡഡ് ധ്യാനത്തിനും കൗൺസലിംഗിനും മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കും ഫോണിൽ വിളിച്ച് ബന്ധപ്പെടുകയും ചെയ്യുമല്ലോ.

### സ്നേഹാശ്രമം

നെടുങ്ങപ്ര പി.ഒ., കുറുപ്പംപടി വഴി, പിൻ : 683 545
ഫാ. ജോർജ് പാറേമ്മാൻ C.S.T. : 9447465414, 8593922182
ബ്ര. ഗലീലിയോ തേവരക്കാട് : 8943291572, 9496157281

വഴി : പെരുമ്പാവൂർ, കുറുപ്പംപടി, നെടുങ്ങപ്ര, കോട്ടപ്പടി, കോതമംഗലം റൂട്ടിൽ നെടുങ്ങപ്ര കനാൽപ്പാലത്തിനും കമ്പനിപ്പീടികയ്ക്കും ഇടയ്ക്കാണ് സ്നേഹാശ്രമം.



# രൂപതാദ്ധ്യക്ഷന്റെ ഡയറി

**മാർച്ച് 2019**

22 രാജമുടിയിൽ ടീച്ചേഴ്സ് ഗിൽഡിന്റെ അവാർഡ് ദാന ചടങ്ങിലും അദ്ധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു.

25 തങ്കമണിയിലെ FSHA സന്യാസിനീ സമൂഹം നടത്തുന്ന പ്രകൃതിചികിത്സാ കേന്ദ്രം ഉദ്ഘാടനം ചെയ്തു.

28 വെള്ളത്തൂവൽ ഇടവകയിലെ സ്നേഹഭവനം വെഞ്ചരിച്ചു.

29 രാജമുടിയിൽ വച്ച് നടന്ന കെ.സി.എസ്.എൽ. ന്റെ രൂപതാതല അവാർഡ് വിതരണം നടത്തി.

30 മച്ചിപ്ലാവ് കാർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂളിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

31 മഞ്ഞപ്പാറ മാർ എഫ്രേം മൈനർ സെമിനാരിയിലേക്ക് പുതിയ വൈദിക വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ നടത്തി.

**ഏപ്രിൽ 2019**

04 മുരിക്കാശ്ശേരിയിൽ വച്ചു നടന്ന Teen's Meet - ൽ പങ്കെടുത്ത് പ്രഭാഷണം നടത്തി.

05 ശാന്തിഗ്രാം നാലുമുക്കിലെ നവീകരിച്ച കപ്പേള വെഞ്ചരിച്ചു.

06 രാജകുമാരിയിൽ വൈദിക മന്ദിരം വെഞ്ചരിച്ചു.

07 കൂമ്പൻപാറ ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

* ആനച്ചാൽ ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

08 ബിഷപ്സ് ഹൗസിൽ വച്ചു നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷനായി.

09 കോട്ടയത്ത് അഭിവന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

10 കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻ ഇടവകയിൽ മാത്യു തെക്കേക്കര അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

11 പാലായിൽ കെ.എം. മാണി സാറിന്റെ മരണത്തിൽ അനുശോചനങ്ങൾ അർപ്പിച്ചു.

* വാഴത്തോപ്പ് കത്തീഡ്രലിൽ വച്ച് നടന്ന വൈദികരുടെ പൊതു മാസ ധ്യാനത്തിൽ പങ്കെടുത്തു.

* കത്തീഡ്രലിൽ മൂറോൻ വെഞ്ചരിപ്പ് തിരുക്കർമ്മങ്ങൾ നടത്തി.

12 തുമ്പച്ചി കുരിശുമലയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

* KCYM- ന്റെ നേതൃത്വത്തിൽ നടന്ന എഴുകുംവയൽ കുരിശുമല കയറ്റത്തിൽ പങ്കെടുത്തു.

13 വാഴത്തോപ്പ് കത്തീഡ്രലിൽ വൈദിക വിദ്യാർത്ഥികൾക്ക് കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ നൽകി.

14 വാഴത്തോപ്പ് കത്തീഡ്രലിൽ ഓശാന ഞായറാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 ഇടുക്കി രൂപതാ Catechism Department - ന്റെ നേതൃത്വത്തിൽ നടന്ന Yes ക്യാമ്പിലെ കുട്ടികളുമായി സൗഹൃദ സംഭാഷണം നടത്തി.



18 വെള്ളയാംകുടി ഇടവകയിൽ പെസഹാവ്യാഴാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19 എഴുകുംവയൽ ഇടവകയിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് കുരിശുമലയിൽ സന്ദേശം നൽകി.

20 കത്തീഡ്രലിൽ വലിയ ശനിയാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

21 കത്തീഡ്രലിൽ ഉയിർപ്പ് തിരുനാളിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

22 കത്തീഡ്രലിൽ വച്ച് നടന്ന CMC സന്യാസിനീ സമൂഹത്തിന്റെ സഭാവസ്ത്ര സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

24 വിമലഗിരിയിൽ വച്ച് നടന്ന ഉപ്പുമാക്കൽ കുടുംബയോഗത്തിൽ സംബന്ധിച്ച് ആശംസ അർപ്പിച്ചു.

25 കത്തീഡ്രലിൽ വച്ച് SABS സന്യാസിനീ സമൂഹത്തിന്റെ സഭാവസ്ത്ര സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.



# BISHOP'S ENGAGEMENTS

**മെയ് 2019**

| | | |
|---|---|---|
| 01 | 09.30 am | ആഘോഷമായ വി. കുർബാന സ്വീകരണം, മറയൂർ |
| 02 | 07.30 am | മാമ്മോദീസ, മരിയാപുരം |
| | 02.30 pm | ജൂബിലി, ഈട്ടിത്തോപ്പ് |
| 03 | 10.30 am | മാതൃവേദി ആനുവൽ ഡേ, വെള്ളയാംകുടി |
| | 06.30 pm | വി. കുർബാന, ആൽപ്പാറ |
| 04 | 07.00 am | ആഘോഷമായ വി. കുർബാന സ്വീകരണം, തോപ്രാംകുടി |
| | 03.00 pm | വീടുവെഞ്ചരിപ്പ്, പൊട്ടൻകാട് |
| 05 | 12.00 pm | മനസമ്മതം, മുരിക്കാശ്ശേരി |
| | 03.30 pm | ജൂബിലി കുർബാന, മണിയാറൻകുടി |
| 06 | 07.00 am | ആഘോഷമായ വി. കുർബാന സ്വീകരണം, അൽഫോൻസാ നഗർ |
| | 04.00 pm | കൺവെൻഷൻ, തൊടുപുഴ |
| 07 | 03.00 pm | ക്ലരിഷ്യൻ ചാപ്പൽ വെഞ്ചരിപ്പ്, മഞ്ഞപ്പെട്ടി |
| 08 | 09.00 am | വൈദിക വിദ്യാർത്ഥികളുടെ വൈദികവസ്ത്ര സ്വീകരണം, മൈനർ സെമിനാരി |
| | 05.00 pm | ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം, രാജാക്കാട് |
| 10 | 04.00 pm | വി. കുർബാന, രാജാക്കാട് |
| 11 | 11.00 am | പുളിക്കൽ കുടുംബയോഗം, ശാന്തിഗ്രാം |
| | 04.00 pm | വി. കുർബാന, പൊന്നാമല |



| | | |
|---|---|---|
| 12 | 09.30 am | വി. കുർബാന, കോമ്പയാർ |
| | 03.00 pm | പാരീഷ് ഹാൾ, കോൺവെന്റ് ചാപ്പൽ വെഞ്ചരിപ്പ്, തൂക്കുപാലം |
| 14 | | വൈദികരുടെ സ്റ്റഡിഫോറം, അടിമാലി |
| 15 | | വൈദികരുടെ സ്റ്റഡിഫോറം, ഇരട്ടയാർ |
| 16 | 09.30 am | എയ്ഞ്ചൽസ് മീറ്റ്, വാഴത്തോപ്പ് |
| | 02.00 pm | വിൻസന്റ് ഡി പോൾ, ആയിരമേക്കർ |
| 17 | | Engaged |
| 18 | | ജൂബിലി കുടുംബയോഗം, മാനന്തവാടി |
| 19 | 03.00 pm | വെഞ്ചരിപ്പ്, പുഷ്പകണ്ടം |
| 22 | | വിവാഹം |
| 23 | 10.00 am | വി. കുർബാന, എസ്.എച്ച്. പ്രോവിൻഷ്യൽ ഹൗസ്, പാലാ |
| 24 | | സി.എം.എൽ. മീറ്റ് |
| 25 | | പാലാ |
| 26 | 07.00 am | ജൂബിലി ആഘോഷം, മുട്ടുകാട് |
| 30 | 09.30 am | മഠം വെഞ്ചരിപ്പ്, വാത്തിക്കുടി |
| | 06.00 pm | വി. കുർബാന, DST കോൺവെന്റ്, കരിമ്പൻ |

